**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ 31.07.2015 ന് സേവനത്തിൽ നിന്നും വിരമിച്ച ശ്രീ എം. എം. വിൽസന്റെ ഹാജരില്ലായ്മ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

# തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ(സാധാ).നം.2112/2016/തസ്വഭവ . തീയതി, തിരുവനന്തപുരം, 12/7/2016

---

പരാമർശം: 1. ശ്രീ എം. എം വിൽസന്റെ 07.08.2015 ലെ അവധിയപേക്ഷ

2. പഞ്ചായത്ത് ഡയറക്ടറുടെ 08.02.16 ലെ ഇ 3-25116/2015 നമ്പർ കത്ത്

## <u>ഉത്തരവ്</u>

കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ 31.07.2015 ന് സേവനത്തിൽ നിന്നും വിരമിച്ച ശ്രീ എം. എം. വിൽസന്റെ 02.01.2011 മുതൽ 30.06.2015 വരെയുള്ള കാലം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലും 01.07.2015 മുതൽ **28**.07.2015 വരെയുള്ള കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാത്ത ക്രമീകരിക്കുന്നതിന് ടിയാൻ പരാമർശം 1 പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 കത്ത് പ്രകാരം സർക്കാരിൽ സമർപ്പിച്ചു.

2. ശ്രീ എം.എം വിൽസൺ 16.07.2010 മുതൽ 01.01.2011 വരെ ആർജ്ജിതാവധിയിലായിരുന്നു. അതിന് തുടർച്ചയായി 02.01.2011 മുതൽ വിവിധ അപേക്ഷകളിലൂടെ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ അവധിയിൽ തുടരുകയും ചെയ്തു. തുടർന്ന് ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 29.07.2015 ൽ സേവനത്തിൽ പ്രവേശിപ്പിക്കുകയും 31.07.2015 ന് വിരമിക്കുകയും ചെയ്തു. ടിയാൻ 01.07.2015 തീയതിയായുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുൻ കാലയളവുകളിലെ മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ സാധുത പരിശോധിക്കുവാൻ ഇപ്പോൾ നിർവ്വാഹമില്ലാത്തതിനാൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധിക്ക് അർഹതയില്ല. മേൽ സാഹചര്യത്തിൽ കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ 31.07.2015 ന് സേവനത്തിൽ നിന്നും വിരമിച്ച ശ്രീ. വിൽസൺ. എം. എം ന് 02.01.2011 മുതൽ 28.07.2015 വരെ കെ.എസ്.ആർ. ഭാഗം I, ചട്ടം 88 പ്രകാരം ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ

ആർജ്ജിതാവധി എന്നീ ആനുകൂല്യങ്ങൾക്കു കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ശ്രീകല സി.എസ്**
ഗവ. അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (സേവനപുസ്തകം സഹിതം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, കോരുത്തോട് ഗ്രാമപഞ്ചായത്ത്, കോട്ടയം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ശ്രീ. വിൽസൺ. എം.. എം, മുൻ ഹെഡ് ക്ലാർക്ക് കോരുത്തോട് ഗ്രാമപഞ്ചായത്ത്, കോട്ടയം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ധനവകുപ്പ് ( 03.05.2016 ലെ 214240/റൂൾസ് -ബി 2/16/ധന നമ്പർ കുറിപ്പ്)
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ (ഇപിഎ 1/41/2016/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം
Sd/-
സെക്ഷൻ ഓഫീസർ